**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 70** **06-10-2021 - ൽ മറുപടിയ്ക്ക്**

**വന്യജീവികള്‍ മൂലമുള്ള കൃഷി നാശത്തിന് നഷ്ടപരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. നജീബ് കാന്തപുരം,<br>പ്രൊഫ . ആബിദ് ഹുസൈന്‍ തങ്ങള്‍ ,<br>ശ്രീ. കെ. പി. എ. മജീദ്** | | **Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വന്യജീവി-മനുഷ്യ സംഘര്‍ഷം മൂലം കര്‍ഷകര്‍ ബുദ്ധിമുട്ടുകള്‍ അനുഭവിക്കുന്നതായി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്. |
| (ബി) | വനത്തിന് പുറത്തു കടക്കുന്ന വന്യമൃഗങ്ങളെ വനത്തിലേക്ക് തന്നെ മടക്കി അയയ്ക്കാന്‍ ദ്രുതകര്‍മ്മ സേനയുടെ പ്രവര്‍ത്തനം ശക്തിപ്പെടുത്തുമോ; | (ബി) | ശക്തിപ്പെടുത്തുന്നതാണ്. സര്‍ക്കാര്‍ ഉത്തരവ്, സ.ഉ.(എം.എസ്) നം. 7/2012/വനം തീയതി 15.02.2012 പ്രകാരം 8 ദ്രുതകര്‍മ്മ സേനകളും, 5 ദ്രുതകര്‍മ്മ സേനകള്‍ താത്ക്കാലികമായും രൂപീകരിച്ച് പ്രവര്‍ത്തിച്ചു വരുന്നുണ്ട്. വര്‍ദ്ധിച്ചു വരുന്ന മനുഷ്യ-വന്യമൃഗ സംഘര്‍ഷം കണക്കിലെടുത്ത് 2018 ല്‍ നിലവിലുള്ള ദ്രുതകര്‍മ്മ സേനകള്‍ വിപുലീകരിക്കുവാനും ശാക്തീകരിക്കുവാനും പുതിയവ രൂപീകരിക്കുവാനും ഉള്ള ഒരു ശുപാര്‍ശ ചീഫ് വൈല്‍ഡ് ലൈഫ് വാര്‍ഡന്‍ സര്‍ക്കാരിന് സമര്‍പ്പിക്കുകയുണ്ടായി. സംസ്ഥാനത്തിന്റെ സാമ്പത്തിക സാഹചര്യം, പ്രളയാനന്തര പുനര്‍നിര്‍മ്മാണത്തിന്റെ അത്യാവശ്യം എന്നിവ പരിഗണിച്ച് വനം വകുപ്പിന്റെ പുതിയ ദ്രുതകര്‍മ്മ സേനകള്‍ രൂപീകരിക്കുന്നതിന്റെ ഭാഗമായി വാഹനം വാങ്ങുക, കെട്ടിടം നിര്‍മ്മിക്കുക എന്നീ ആവശ്യങ്ങള്‍ മോശം സാമ്പത്തികസ്ഥിതിയുടെ പശ്ചാത്തലത്തില്‍ പരിഗണിക്കുകയുണ്ടായില്ല. വന്യജീവി സംഘര്‍ഷം ലഘൂകരിക്കുന്നതിനായി ചീഫ് വൈല്‍ഡ് ലൈഫ് വാര്‍ഡന്‍ 2021 സെപ്റ്റംബറില്‍ സര്‍ക്കാരിന് സമര്‍പ്പിച്ച 5 വര്‍ഷത്തേയ്ക്കുള്ള സമഗ്ര പദ്ധതിയില്‍ ദ്രുതകര്‍മ്മ സേനകള്‍ വിപുലീകരിക്കുന്നതിനും ശാക്തീകരിക്കുന്നതിനുമുള്ള ശുപാര്‍ശകള്‍ ഉള്‍പ്പെടുത്തിയിട്ടുണ്ട്. ആയത് സര്‍ക്കാര്‍ പരിശോധിച്ച് വരുന്നു. ദ്രുതകര്‍മ്മ സേനകളുടെ പ്രവര്‍ത്തനം കാര്യക്ഷമമാക്കുന്നതിനായി 2019 ല്‍ വിശദമായ മാര്‍ഗ്ഗനിര്‍ദ്ദേശങ്ങള്‍ ചീഫ് വൈല്‍ഡ് ലൈഫ് വാര്‍ഡന്‍ പുറപ്പെടുവിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | കർഷകർക്കുണ്ടാകുന്ന കൃഷി നാശത്തിന് നിലവിൽ നൽകി വരുന്ന നഷ്ടപരിഹാരം അപര്യാപ്തമായതിനാൽ ആയത് വർദ്ധിപ്പിച്ച് നൽകുവാൻ നടപടി സ്വീകരിക്കുമോ? | (സി) | കർഷകർക്ക് നിലവിൽ കൃഷി നാശത്തിന് നഷ്ടപരിഹാരം നൽകിവരുന്നത് സ.ഉ. (കൈ) നമ്പർ 02/2015/വനം തീയതി 08.01.2015, സ.ഉ (കൈ) നം. 17/2018/വനം, തീയതി 05.04.2018 എന്നിവ പ്രകാരമാണ്. നിലവിലുള്ള നിരക്കുകൾ വർദ്ധിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ